# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2166 22-01-2014 ന് മറുപടിയ്ക്ക്**

**<u>വനം വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിന് പദ്ധതി</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി** | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഭൂരിഭാഗം ഫയലുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടി, ഒരു വർഷ കർമ്മ പരിപാടി, വനംവകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' എന്നിവയുടെ ഭാഗമായി വനംവകുപ്പിൽ ദീർഘകാലമായി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.** |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | **വനംവകുപ്പിൽ ദീർഘകാലമായി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് എത്രയും വേഗം ഉചിതമായ അന്തിമ തീരുമാനമെടുത്ത് ഫയലുകൾ തീർപ്പാക്കി ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ നീതി ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.**<br><br>**സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനംവകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സ്വീകരിച്ച തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് 44731 ഫയലുകൾ തീർപ്പായിട്ടുണ്ട്.** |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്, വിശദമാക്കാമോ; | | |

സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായി ഫയലുകൾ തീർപ്പാക്കുന്നതിനായി പ്രത്യേക നടപടി സ്വീകരിച്ചു. റെയിഞ്ച് തലം മുതൽ വനംവകുപ്പ് ആസ്ഥാനം വരെ തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി കാലപ്പഴക്കത്തിന് മുൻഗണന നൽകി ഫയലുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. അതിന്റെ ഭാഗമായി സർക്കാർ തലത്തിൽ കഴിഞ്ഞ വർഷം 25.07.2013, 26.08.2013, 18.12.2013 എന്നീ തീയതികളിൽ മൂന്ന് അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകളിലെ നടപടി ത്വരിതപ്പെടുത്തുകയും അന്തിമ ഉത്തരവ് നൽകാവുന്നത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2012 ഫെബ്രുവരി മുതൽ വനംവകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാ' മിന്റെ ഭാഗമായി തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടിയും കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മാത്രം 31224 ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ